# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റുമാരുടെ വാഹനം വാസസ്ഥലത്തിന് സമീപമുള്ള സർക്കാർ സ്ഥാപനത്തിൽ പാർക്ക് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ)നം. 129/13/തസ്വഭവ    തിരുവനന്തപുരം, തീയതി. 18.01. 2013

---

**പരാമർശം**:-(1)1.3.12 തീയതിയിലെ സ.ഉ(സാധ)നം.637/2012/തസ്വഭവ നമ്പർ ഉത്തരവ്

(2) 4.12.12 തീയതിയിലെ 3.15-ാം നമ്പർ കോ-ഓർഡിനേഷൻ തീരുമാനം.

**ഉത്തരവ്**

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റുമാരുടെ ഔദ്യോഗിക ഉപയോഗത്തിനായി ഒരു വാഹനം വാങ്ങുന്നതിന് പരാമർശം ഒന്ന് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ വാഹനം ഓഫീസ് ആവശ്യത്തിനു ശേഷം ജില്ലാ പഞ്ചായത്ത് ആസ്ഥാനത്ത് പാർക്ക് ചെയ്യണമെന്ന വ്യവസ്ഥ ജില്ലാ ആസ്ഥാനത്തിനു ദൂരെ താമസിക്കുന്ന വൈസ് പ്രസിഡന്റുമാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും ആയതിനാൽ വാസസ്ഥലത്തിന് സമീപത്തുള്ള തദ്ദേശസ്വയംഭരണവകുപ്പിന്റെ കീഴിലുള്ള പഞ്ചായത്ത് ഓഫീസുകളിലോ ജില്ലാ പഞ്ചായത്ത് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സ്കൂളുകളിലോ സ്ഥാപനങ്ങളിലോ വാഹനം പാർക്ക് ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നും അപേക്ഷിച്ചുകൊണ്ട് നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റുമാരുടെ വാഹനം, വാഹനത്തിന് കേടുപാടുകൾ ഉണ്ടാകില്ലെന്ന ഉറപ്പിലും, സ്വന്തം റിസ്കിലും വാസസ്ഥലത്തിന് സമീപമുള്ള സർക്കാർ സ്ഥാപനങ്ങളിൽ പാർക്ക് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി.വത്സല
ജോയിന്റ് സെക്രട്ടറി

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എൽബിഎ&എ), തിരുവനന്തപുരം
3. സെക്രട്ടറി/വൈസ് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം/ഇടുക്കി/എറണാകുളം/തൃശ്ശൂർ/പാലക്കാട്/മലപ്പുറം/കോഴിക്കോട്/വയനാട്/കണ്ണൂർ/കാസർഗോഡ്
4. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ